(ഡി) എഡിൻബറോ സർവ്വകലാശാലയുടെ ഓർത്തോ ഡോണ്ടിക്സ് മാസ്റ്റേർസ് ബിരുദത്തിനുള്ള പരീക്ഷാ കേന്ദ്രമായി തിരുവനന്തപുരം ദന്തൽ കോളേജ് ഓർത്തോഡോണ്ടിക്സ് വിഭാഗത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

17 (*410) കോഴിവളർത്തലിന് ധനസഹായം

ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിവളർത്തലിനെ കൃഷിയായോ വ്യവസായമായോ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്;

(സി) കോഴി വളർത്തലിന് ഗവൺമെന്റിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ഡി) തമിഴ്നാട്ടിലെ വൻകിട കോഴിവളർത്തലുകാർ കുറഞ്ഞ വിലയ്ക്ക് ഇവിടെ കോഴിയിറച്ചി വിൽക്കുന്നതു കാരണം കേരളത്തിലെ കോഴി വളർത്തലുകാർ വലിയ ബുദ്ധിമുട്ടു നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന് എന്തു പരിഹാരം സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി)ഇല്ല.

കേന്ദ്രഗവൺമെന്റിന്റെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ബോർഡ് ഡയറക്ടറുടെ 30.9.1991-ലെ 2(3)/91.എസ്.എസ്.ഐ. ബിഡി എന്ന നമ്പരിലുള്ള സർക്കുലർ പ്രകാരം ഹാച്ചറി, പൗൾട്രിഫാം എന്നിവ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ആയി രജിസ്റ്റർ ചെയ്യുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി രൂപീകരണം നിർവ്വഹിക്കുകയും ചെയ്യുന്നത്. കൂടാതെ സർക്കാർ ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയും കർഷകർക്ക് ആവശ്യാനുസരണം ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നു.

(ഡി) ഉണ്ട്.

(ഇ) എഗ്ഗർ നഴ്സറികളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോഴിക്കുഞ്ഞുങ്ങളെ മൃഗാശുപത്രികൾ മുഖേന വിൽപ്പന നടത്തിവരുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കോഴികളെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കാനും രോഗപ്രതിരോധ കുത്തിവയ്പുകൾ എടുത്ത് പൂർണ്ണാരോഗ്യം ഉറപ്പുവരുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റുകളും മറ്റു രേഖകളുമുള്ള കോഴികളെ മാത്രമേ ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഓഫീസർമാർക്ക് നൽകി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. കൂടാതെ വിൽപ്പന നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാനും ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

18 (*411) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള പദ്ധതികൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലഹരിമരുന്നിനടിമകളായവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിയമവിധേയമല്ലാതെ മദ്യം ഉപയോഗിക്കുന്നതിനെതിരെ അബ്കാരി ആക്ട് അനുസരിച്ചും മയക്കുമരുന്നിനെതിരെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ എടുത്തുകാട്ടി അതിന്റെ ഉപയോഗം പരമാവധി തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബഡ്ജറ്റിൽ 20 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(സി) ലഹരി മരുന്നിനടിമകളായവരെ ചികിത്സിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് സന്നദ്ധസംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന ബോധവൽക്കരണം, കൗൺസലിംഗ്, ചികിത്സ എന്നിവയ്ക്ക് സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ എന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായവും നൽകിവരുന്നുണ്ട്.

19 (*412) മയക്കുമരുന്നിന് അടിമപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly